പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി
വിഭാഗം, ഹൗസിങ് ബോർഡ്
ബിൽഡിങ്സ്, ശാന്തിനഗർ,
തിരുവനന്തപുരം
ഫോൺ: 0471-2323198

**നം.എസിഡി എസ്.പി.സി(1)/123582/2018/എച്ച്.എസ്.ഇ.** **തീയതി. 08/11/2019**

# അറിയിപ്പ്

**വിഷയം-** പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി.- മെറിറ്റ്-കം-മീൻസ് (ബി.പി.എൽ.) സ്കോളർഷിപ്പ് 2019-20 - സംബന്ധിച്ച്.

മെറിറ്റ്-കം-മീൻസ് (ബി.പി.എൽ.) സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് ഇനി പറയുന്ന വിവരങ്ങൾ അടിയന്തിരമായി ശ്രദ്ധയിൽപ്പെടുത്തുന്നു.

- ഈ വർഷം മുതൽ സ്കോളർഷിപ്പിന്റെ തെരഞ്ഞെടുപ്പ്, വിതരണം എന്നിവ സുഗമമാക്കുന്നതിനായി www.scholarship.dhse.kerala.gov.in പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് **02/11/2019 ന് സർക്കുലർ നൽകിയിരുന്നതും, പ്രസ്തുത പോർട്ടലിൽ നൽകിയിട്ടുള്ള യൂസർ മാന്വലും നിർബന്ധമായും ബന്ധപ്പെട്ട എല്ലാ സ്കൂളധികൃതരും വായിച്ചിരിക്കേണ്ടതാണ്.**
- സ്കോളർഷിപ്പ് അപേക്ഷ 02/11/2019 ലെ സർക്കുലറോടൊപ്പം നൽകിയിട്ടുള്ള ഫോമിൽ തന്നെ നിശ്ചിത സമയത്തിനുള്ളിൽ വിദ്യാർത്ഥികളിൽ നിന്നും പൂരിപ്പിച്ച് വാങ്ങേണ്ടതാണ്.
- **ലഭിക്കുന്ന മുഴുവൻ അപേക്ഷകളും പ്രസ്തുത പോർട്ടലിൽ ചേർക്കേണ്ടതാണ്.**
- സ്കോളർഷിപ്പിന് അർഹതയുണ്ടെന്ന് കരുതുന്ന എല്ലാ വിദ്യാർത്ഥികളിൽ നിന്നും സമയബന്ധിതമായി അപേക്ഷ ശേഖരിക്കുന്നതിൽ അതാത് ക്ലാസ് ടീച്ചർമാർ മുൻകൈയെടുക്കണമെന്ന് പ്രിൻസിപ്പാൾമാർ നിർദ്ദേശം നൽകേണ്ടതാണ്. അപേക്ഷകൾ പ്രോസസ് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും പുതിയ കുട്ടികളുടെ അപേക്ഷകൾ സ്വീകരിക്കുകയോ നൽകിയ അപേക്ഷകളിൽ തിരുത്തലുകൾ വരുത്തുന്നതിനോ സാധിക്കുന്നതല്ല. ഇക്കാരണത്താൽ അപേക്ഷകൾ യഥാസമയം അപ്‌ലോഡ് ചെയ്തില്ലെങ്കിൽ അർഹതയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കാത്ത സാഹചര്യമുണ്ടാകുമെന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

- 15/11/2019 വരെ ലഭിക്കുന്ന അപേക്ഷകൾ ഓൺലൈനായി പ്രോസസ് ചെയ്ത് റാങ്ക്പട്ടിക പോർട്ടലിൽ ലഭ്യമാകുന്നതാണ്. തുടർന്ന് ജനറൽ വിഭാഗത്തിൽ തെരഞ്ഞെടുക്കപ്പെടാത്ത എസ്.സി./എസ്.ടി. വിഭാഗക്കാരുടെ വിശദാംശങ്ങൾ ജില്ലാ പഞ്ചായത്ത് ലോഗിനിലേക്കും, ആർട്സ്/സ്പോർട്സ്/ ഭിന്നശേഷി വിഭാഗക്കാരുടെ വിശദാംശങ്ങൾ ഡിപ്പാർട്ടുമെന്റ് ലോഗിനിലേക്കും ലഭ്യമാകുന്നതാണ്.
- ഇപ്രകാരം ഡിപ്പാർട്ടുമെന്റ് ലോഗിനിൽ നൽകപ്പെട്ട ആർട്സ്/സ്പോർട്സ്/ ഭിന്നശേഷി വിഭാഗക്കാരുടെ പട്ടിക അതാത് സ്കൂൾ ലോഗിനിൽ ലഭ്യമാകുന്നതാണ്. പ്രസ്തുത അപേക്ഷകരുടെ മാത്രം അപേക്ഷകളും അനുബന്ധ രേഖകളും ഡയറക്ടറേറ്റിലേക്ക് ഹാർഡ്കോപ്പിയായി ലഭ്യമാക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച് വിശദമായ സർക്കുലർ ജനറൽ കാറ്റഗറി വിഭാഗക്കാരുടെ തെരഞ്ഞെടുപ്പ് പൂർത്തിയായ ഉടൻ പോർട്ടലിൽ ലഭ്യമാകുന്നതാണ്.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ**
**(അക്കാഡമിക്)**

# ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി

## ഫാറം നമ്പർ - 1

### (അപേക്ഷകരായ വിദ്യാർത്ഥികൾ പൂരിപ്പിച്ച് നൽകേണ്ടവ)

കുറിപ്പ് : ഈ സ്കോളർഷിപ്പ് പദ്ധതി **ബി.പി.എൽ (ദാരിദ്ര്യരേഖയ്ക്ക്താഴെ)** വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് മാത്രമുള്ളതായതിനാൽ അത്തരം വിദ്യാർത്ഥികൾ മാത്രം അപേക്ഷിച്ചാൽ മതി

1. വിദ്യാർത്ഥിയുടെ പേര് :
2. ക്ലാസ്സ് : ഗ്രൂപ്പ് : ☐ സയൻസ് ☐ ഹ്യുമാനിറ്റീസ് ☐ കോമേഴ്സ്
3. (എ) ഏകജാലക ആപ്ലിക്കേഷൻ നമ്പർ : (ബി) അഡ്മിഷൻ നമ്പർ:
4. ജനനതീയതി :
5. രക്ഷകർത്താവിന്റെ പേര് :
6. എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസ്സായവിവരങ്ങൾ

   (എ) രജിസ്റ്റർ നമ്പർ : (ബി) വർഷം :

   (സി) ഗ്രേഡുകൾ :

| പേപ്പർ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ഗ്രേഡ് | | | | | | | | | | |

7. താങ്കൾ ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നുവെന്നതിന്റെ സാക്ഷ്യപത്രത്തിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ടോ ?

   ☐ ഉണ്ട് ☐ ഇല്ല

8. ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ

   a. Aadhaar No. :
   b. Bank A/c No. :
   c. Bank Name and Branch :
   d. IFSC Code :

9. താങ്കൾ താഴെപ്പറയുന്ന ഏതെങ്കിലും വിഭാഗത്തിൽ ഉൾപ്പെടുന്നയാളാണോ ?

   (ഉൾപ്പെടുന്നുവെങ്കിൽ ✓ മാർക്ക്ചെയ്യുക)

☐ മാതാപിതാക്കളിരുവരും ജീവിച്ചിരിപ്പില്ല.

☐ മാതാവ് അവിവാഹിത, വിധവ, അല്ലെങ്കിൽ നിയമപരമായി വിവാഹബന്ധം വേർപെടുത്തിയ ആളാണ്.

☐ പിതാവ് മാത്രമേ ജീവിച്ചിരിക്കുന്നുള്ളൂ.

☐ മാതാപിതാക്കളിലാരെങ്കിലും ക്യാൻസർ, ഹൃദയസംബന്ധമായ രോഗങ്ങൾ, കുഷ്ഠം, ക്ഷയം, എയിഡ്സ്, വൃക്ക സംബന്ധമായ രോഗങ്ങൾ, പക്ഷാഘാതം, മനോവിഭ്രാന്തി തുടങ്ങിയ ഏതെങ്കിലും വ്യാധികളാൽ ദുരിതമനുഭവിക്കുന്നു.

☐ മാതാപിതാക്കളിലൊരാൾ അല്ലെങ്കിൽ രണ്ടുപേരും ശാരീരിക വൈകല്യമുള്ളവരാണ്. (സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കുക).

☐ മാതാപിതാക്കൾ ഭൂരഹിതർ അല്ലെങ്കിൽ ഭവനരഹിതരാണ്.

10. താങ്കളുടെ മാതാപിതാക്കളിൽ ആരെങ്കിലും താഴെപ്പറയുന്ന ഏതെങ്കിലും മേഖലകളിൽ തൊഴിൽ ചെയ്യുന്നവരാണോ ?

☐ കയർ ☐ കശുവണ്ടി ☐ ബീഡി ☐ കൈത്തറി

☐ മൺകല നിർമ്മാണം

11. താങ്കൾക്ക് കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകളുടെ ഏതെങ്കിലും സ്കോളർഷിപ്പ് ഇപ്പോൾ ലഭിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ രേഖപ്പെടുത്തുക.

12. താങ്കൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നയാളാണോ ?

☐ അതെ ☐ അല്ല

(അതെ എന്നാണ് ഉത്തരമെങ്കിൽ ഏതുവിഭാഗം, ഉപവിഭാഗം എന്നു രേഖപ്പെടുത്തുക)

13. താങ്കൾ ഏതെങ്കിലും കായിക മത്സരങ്ങളിൽ **ദേശീയ/സംസ്ഥാനതലത്തിൽ** മത്സരിച്ച് വിജയിച്ചിട്ടുണ്ടോ?/പങ്കെടുത്തിട്ടുണ്ടോ?/ഉണ്ടെങ്കിൽ ഏതിനത്തിൽ ?

(സർട്ടിഫിക്കറ്റുകളുടെ പകർപ്പ്ഹാജരാക്കുക)

14. വിജയിച്ചത്/പങ്കെടുത്തത് ഏത് തലത്തിൽ ?

☐ സംസ്ഥാനതലം ☐ ദേശീയതലം

15. നേട്ടത്തിന്റെ സ്വഭാവമെന്ത് ?

☐ ഒന്നാംസ്ഥാനം ☐ രണ്ടാംസ്ഥാനം ☐ പങ്കാളിത്തം മാത്രം

16. താങ്കൾ സംസ്ഥാനതല സ്കൂൾ യുവജനോത്സവത്തിൽ ഏതെങ്കിലും ഇനങ്ങൾക്ക്"എ' ഗ്രേഡ് നേടിയിട്ടുണ്ടോ ?

☐ ഉണ്ട്     ☐ ഇല്ല

(നേടിയിട്ടുണ്ടെങ്കിൽ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഹാജരാക്കുക)

17. യുവജനോത്സവത്തിൽ പങ്കെടുത്ത വർഷവും സമ്മാനം നേടിയ ഇനവും രേഖപ്പെടുത്തുക.

18. താങ്കൾ ശാരീരിക വൈകല്യമുള്ളയാളാണോ ?

☐ അതെ     ☐ അല്ല

(അതെയെന്നാണുത്തരമെങ്കിൽ വൈകല്യത്തിന്റെ സ്വഭാവവും ശതമാനവും വെളിപ്പെടുത്തുന്ന അംഗീകൃത മെഡിക്കൽ ബോർഡ് നൽകിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കുക).

## പ്രതിജ്ഞാപത്രം

മുകളിൽ പ്രസ്താവിച്ച വസ്തുതകൾ എന്റെ അറിവിലും ഉത്തമ വിശ്വാസത്തിലും പൂർണ്ണമായും ശരിയാണെന്ന് ഞാൻ പ്രതിജ്ഞ ചെയ്തുകൊള്ളുന്നു. ഈ വസ്തുതകൾ തെറ്റാണെന്നു തെളിയുന്ന പക്ഷം എന്റെ അപേക്ഷ അസാധുവാക്കപ്പെടുമെന്നും സ്കോളർഷിപ്പ് തുക മുഴുവൻ തിരിച്ചടക്കേണ്ടി വരുമെന്നും എനിക്കറിവുള്ളതാണ്.

വിദ്യാർത്ഥിയുടെ ഒപ്പ്

ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന വസ്തുതകളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും പരിപൂർണ്ണമായും ശരിയാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

രക്ഷകർത്താവിന്റെ ഒപ്പ്

## ക്ലാസ്സ് ടീച്ചറിന്റെ/ട്യൂട്ടറിന്റെ ശുപാർശ ഇവിടെ രേഖപ്പെടുത്തുക

അദ്ധ്യാപകന്റെ/അദ്ധ്യാപികയുടെ പേരും ഒപ്പും.

സ്ഥലം :

പ്രിൻസിപ്പലിന്റെ പേരും ഒപ്പും

തീയതി :